# പാപത്തെ ക്ഷമിക്കുന്നവൻ

## സങ്കീർത്തനങ്ങൾ 32:1–2

**‘‘ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.’’**

ദാവീദ് യഹോവയോട് പാപം ചെയ്തു പോയി, തന്നിമിത്തം ദാവീദ് ഭയങ്കരമായ മാനസിക ഭാരത്താൽ വലയുന്നതായി കാണുന്നു. പിന്നീട് താൻ ദൈവസന്നിധിയിൽ ക്ഷമാപണം ചോദിക്കുന്നതിനായി തീരുമാനിക്കുന്നു. ദൈവം അവന് പാപക്ഷമ കൊടുക്കുന്നു എന്ന് നമുക്ക് കാണാം. എന്തുകൊണ്ടായിരിക്കാം ദാവീദ് പാപം ചെയ്തപ്പോൾ മാനസികമായി ഭാരപ്പെടുവാൻ കാരണം? ഒരു പക്ഷേ ദൈവം തന്നോട് കോപിച്ചിരിക്കുന്നുവെന്നും ഇനി ദൈവസന്നിധിയിൽ ചെല്ലുവാൻ താൻ യോഗ്യനല്ല എന്നും തോന്നിയിട്ടുണ്ടാവാം. എന്നാൽ ദൈവം ദാവിദിനോട് ക്ഷമിച്ചപ്പോൾ അവൻ വീണ്ടും സന്തോഷവാനായി തീർന്നു.

നമ്മുടെയും ദൈനംദിന ജീവിതത്തിൽ ചെറുതും വലുതുമായ തെറ്റുകുറ്റങ്ങൾ നാം ചെയ്യുന്നുണ്ടാവാം. ഒരുപക്ഷേ പ്രത്യക്ഷത്തിൽ ഒരു തെറ്റും ചെയ്യുന്നില്ല എങ്കിലും രഹസ്യമായ നമ്മുടെ ജീവിതത്തിന്റെ മേഖലകളിൽ അതായത് ചിന്തകളിലൂടെ, നോട്ടത്തിലൂ ടെ, കുടുംബത്തിനകത്തുള്ള സംസാരത്തിൽ ഒക്കെയും തെറ്റുകൾ സംഭവിക്കുന്നുണ്ടാകാം. നാം ഈ ജഡത്തിലായിരിക്കുമ്പോൾ പലവിധ ബലഹീനതകളും നമുക്കുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ടാണല്ലോ കർത്താവ് പറഞ്ഞത്; ‘‘ജഡം (ശരീരം) ബലഹീന മത്രേ, ആത്മാവ് ഒരുക്കമുള്ളത്’’, അതിനാൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കണം എന്ന്. നമ്മുടെ സ്വന്തം കഴിവുകൊണ്ട്, ശ്രമംകൊണ്ട് നമുക്ക് പാപത്തെ അല്ലെങ്കിൽ ബലഹീനതയെ ചെറുക്കുവാൻ കഴിയുകയില്ല. ദൈവത്തോട് പറ്റിച്ചേർന്ന് നിന്നുകൊണ്ട് നമുക്ക് പാപസ്വഭാവങ്ങളെ മരിപ്പിക്കുവാൻ കഴിയും.

ഇവിടെ ദാവീദിന്റെ ജീവിതാനുഭവത്തിൽനിന്നും നമുക്ക് എന്തു പഠിക്കുവാൻ കഴിയും. തെറ്റു വന്നുപോയി. നാം മനസ്സ് വിഷമിച്ചിരിക്കുമ്പോൾ വീണ്ടും പിശാചിനാണ് ഇടം കൊടുക്കുന്നത്. മറിച്ച് ഒരു നിമിഷംപോലും വൈകാതെ നമ്മുടെ പാപങ്ങൾ കർത്താവി നോട് ഏറ്റു പറയാം, ഉപേക്ഷിക്കാം. ദാവീദ് (**സങ്കീ.51:9**) പറയുന്നതുപോലെ നമുക്കും പ്രാർത്ഥിക്കാം. **‘എന്റെ പാപങ്ങളെ കാണാത്തവണ്ണം നിന്റെ മുഖം മറക്കണമേ, എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയണമേ’** നമ്മുടെ ദൈവം മഹാകരുണയും ദീർഘ ക്ഷമയുമുള്ളവൻ ആണല്ലോ. അതുകൊണ്ട് ഓരോ ദിവസവും ദൈവസന്നിധിയിൽ തെറ്റുകളെ ഏറ്റു പറഞ്ഞ് കർത്താവിന്റെ വിശുദ്ധരക്തത്താൽ ശുദ്ധീകരണം പ്രാപിക്കാം. ദൈവത്തോട് ചേർന്നു നിന്ന് പാപത്തെ ജയിക്കാം.

പരാമർശം :

1 യോഹന്നാൻ 1:8-9

നമുക്ക് പാപം ഇല്ല എന്ന് പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 001